(സി) ഇപ്രകാരം ടെൻഡറോ ക്വട്ടേഷനോ കൂടാതെ സാധനങ്ങൾ വാങ്ങുവാനുള്ള കാരണങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം വാങ്ങിയ സാധനങ്ങളിൽ എത്രകോടി രൂപയുടെ സാധനങ്ങൾ ഉപയോഗിക്കാതെ കെട്ടിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ടെൻഡറോ, ക്വട്ടേഷനോ ക്ഷണിക്കാതെ ബോർഡ് സാധനങ്ങൾ വാങ്ങിയിട്ടില്ല. എന്നാൽ ടെണ്ടർ വിളിച്ച് കൊടുത്ത ഓർഡറിന്റെ തുടർച്ചയായി റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ യു.ഇ.ഐ.കെ.ഇ.എൽ., ബി. എച്ച്.ഇ.എൽ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(ബി)-(ഡി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ ഒഴിവുകൾ

105 (3506)ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി. എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.യിൽ ഒഴിവുവന്ന 1142 തസ്തികകളിൽ, പി. എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ട്. 443 എൻ. ജെ.ഡി. ഉൾപ്പെടെ 1585 പേരെ പി.എസ്.സി. അഡ്വൈസ് ചെയ്തിരുന്നു.

(ബി) ഇപ്പോൾ നിലവിലുള്ള 193 ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. കൂടാതെ 56 ഒഴിവുകൾക്ക് പി.എസ്.സി.യിൽ നിന്നും ലിസ്റ്റ് വന്നിട്ടുണ്ട്. ക്രീമിലെയർ പ്രശ്നത്തിന്റെ പേരിൽ നിയമനം നിർത്തി വച്ചിരിക്കുകയാണ്. മേൽ പറഞ്ഞ 56 പേരുടെ നിയമനത്തിന് വേണ്ട നിർദ്ദേശം തരാൻ പി. എസ്.സി. യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം മടക്കി നൽകുന്ന നടപടി

106 (3507)ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപയോഗിക്കാത്ത വൈദ്യുതിക്ക് പണം മടക്കി നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) 1996 മുതൽ നാളിതുവരെ ഇപ്രകാരം എത്രപേർക്ക് പണം മടക്കി നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly